LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടി ഫാക്ടറികളിലെ തൊഴിൽ ദിനങ്ങൾ

3 [3514] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
,, *രാജു എബ്രഹാം:*
,, *കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കശുവണ്ടി ഫാക്ടറികളിൽ തൊഴിലാളികൾക്ക് എല്ലാ ദിവസവും തൊഴിൽ നൽകാൻ ഈ സർക്കാരിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ടോ;

(ബി) പ്രതിമാസം ശരാശരി എത്രദിവസങ്ങളിൽ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഫാക്ടറികളിൽ തൊഴിൽദിനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ മാസവും നൽകാൻ കഴിഞ്ഞ തൊഴിൽ ദിനങ്ങൾ താഴെ പറയും പ്രകാരമാണ്.

വർഷം	*മാസം*	*തൊഴിൽ ദിനങ്ങൾ*
(1)	(2)	(3)
2001	ജൂൺ	2 ദിവസം
	ജൂലൈ	2 ,,
2002		ഇല്ല
2003		18 ദിവസം
2004	ഡിസംബർ	22 ,,
2005	ജനുവരി	19 ,,
	ഫെബ്രുവരി	20 ,,

(1)	(2)	(3)
	മാർച്ച്	19 ദിവസം
	ഏപ്രിൽ	19 ,,
	മേയ്	22 ,,
	ജൂൺ	22 ,,
	ജൂലൈ	11 ,,

(സി) കശുവണ്ടി വികസന കോർപ്പറേഷന് ബാങ്കുകളുമായി വർദ്ധിച്ച ബാദ്ധ്യതയുണ്ടായിരുന്നതിനാൽ ബാങ്കുകൾ സാമ്പത്തികസഹായം നൽകാതിരിക്കുകയായിരുന്നു. അതിനാൽ തോട്ടണ്ടി വാങ്ങി തൊഴിലാളികൾക്ക് ജോലി നൽകാൻ സാധിക്കാതെ വന്നപ്പോൾ ബാങ്കുകളുമായി പലവട്ടം സർക്കാർ തലത്തിൽ ചർച്ച നടത്തി ബാങ്ക് ബാദ്ധ്യതയായ 122 കോടി രൂപ ചർച്ചയിൽ 107.57 കോടിയായി നിജപ്പെടുത്തുകയും ഇത് പലിശ സഹിതം 5 വാർഷിക ഗഡുക്കളായി നൽകാൻ സർക്കാർ തലത്തിൽ തീരുമാനിക്കുകയും ചെയ്തു. ഇതനുസരിച്ച് 31-3-2004, 31-3-2005 എന്നീ തീയതികളിൽ അടയ്ക്കേണ്ട 2 വാർഷിക ഗഡുക്കൾ സർക്കാർ ധനസഹായത്താൽ അടയ്ക്കുകയും ചെയ്തു. ഇതിൽ ഒന്നാമത്തെ ഗഡു അടച്ചതിനെത്തുടർന്ന് ബാങ്കുകളിൽ നിന്നും ധനസഹായം ലഭ്യമാവുകയും 6-12-2004 മുതൽ ഫാക്ടറി തുറന്ന് പ്രവർത്തിച്ചുതുടങ്ങുകയും ചെയ്തു. ഈ സർക്കാർ നടപടികളുടെ ഭാഗമായി ഫാക്ടറികൾ തുറന്ന് പ്രവർത്തിച്ചതിന്റെ ഫലമായി കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ തൊഴിൽദിനങ്ങൾ വർദ്ധിച്ചിട്ടുണ്ട്.

(ഡി) ദീർഘകാലമായി അടഞ്ഞുകിടന്നിരുന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ സർക്കാർ നടപടികൾമൂലം സാധിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ നിലവിലുള്ള സംവിധാനങ്ങൾ കൂടുതൽ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സഹായങ്ങൾ സർക്കാർ നൽകിവരുന്നുണ്ട്. കൂടുതൽ വിപുലപ്പെടുത്തുന്നകാര്യം ഇപ്പോൾ സർക്കാർ തലത്തിൽ ആലോചിക്കുന്നില്ല.

നിയമസഭയിലെ ചർച്ചയ്ക്കുശേഷം കരിമണൽ ഖനനത്തിലെ തുടർനടപടികൾ

4 [3515] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള:*

,, *ടി. എം. ജേക്കബ്:*

,, *ജോണി നെല്ലൂർ:*

,, *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly